# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.06.2026**

### പ്രധാനവാർത്തകൾ

1. പാരിസിൽ നടക്കുന്ന യൂറോപ്പിലെ ഏറ്റവും വലിയ സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പ് ഇവന്റായ വിവാടെക് 2026 ൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും.
2. മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് നാളെ. ബജറ്റിന്മേലുള്ള പൊതുചർച്ച തിങ്കളാഴ്ച മുതൽ.
3. പിഎം വികസിത് ഭാരത് റോസ്ഗർ യോജന പ്രകാരം 2,400 കോടിയോളം രൂപയുടെ ഇൻസെന്റീവുകൾ പ്രധാനമന്ത്രി നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കേരളത്തിലും ആറ് ജില്ലകളിൽ തത്സമയം പ്രത്യേക പരിപാടി.
4. സംസ്ഥാനത്ത് ഷിഗെല്ല - നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യ വകുപ്പ്. പകർച്ചവ്യാധി വ്യാപനം തടയാനും കർശന നടപടികൾ.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

6. ലോകകപ്പ് ഫുട്ബാളിൽ ഇന്ന് ചെക് റിപ്പബ്ലിക് - ദക്ഷിണാഫ്രിക്ക പോരാട്ടം.

### രാഷ്ട്രപതി-സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഞ്ച് ദിവസത്തെ മധ്യപ്രദേശ്- ഒഡിഷ സന്ദർശനത്തിന് തുടക്കമായി. മധ്യപ്രദേശിലെ ബേതുലിൽ ഗോത്ര സമൂഹത്തിന്റെ ശാക്തീകരണത്തെക്കുറിച്ചുള്ള ഒരു പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കുകയാണ്.

### പ്രധാനമന്ത്രി -പാരീസ് സന്ദർശനം

ഫ്രാൻസ് സന്ദർശനത്തിന്റെ അവസാന പാദത്തിൽ പാരീസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി യൂറോപ്പിലെ ഏറ്റവും വലിയ സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പ് ഇവന്റായ വിവാടെക് 2026 ൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയ്ക്കൊപ്പം പങ്കെടുക്കും. ഇന്ത്യയുടെ വളർന്നുവരുന്ന ഇന്നൊവേഷൻ ആവാസവ്യവസ്ഥയും സാങ്കേതിക പുരോഗതിയും പരിപാടിയിൽ ചർച്ചയാകും. ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

RNU TVPM

**സ്ലോവാക്യ-ആയുർവേദം (ഇൻട്രോ)**

യോഗയിലും ആയുർവേദത്തിലും സ്ലോവാകിയൻ ജനതയ്ക്ക് വലിയ താൽപര്യമാണുള്ളതെന്ന് സ്ലോവാകിയയിലെ ഇന്ത്യൻ അംബാസിഡർ അപൂർവ്വ ശ്രീവാസ്തവ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്ലോവാകിയൻ സന്ദർശനവുമായി ബന്ധപ്പെട്ട് ആകാശവാണിയോടു സംസാരിക്കുകയായിരുന്നു ഇന്ത്യൻ അംബാസിഡർ.

***കൂടുതൽ വിവരങ്ങളുമായി സ്ലോവാക് റിപബ്ലികിലെ ബ്രാട്ടിസ്ലാവയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......***

***(വോയിസ്)***

RNU TVPM

**നിപ-കോഴിക്കോട്**

നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് എത്തിയ കേന്ദ്ര സംഘം നിപ ബാധിത പ്രദേശവും രോഗി ചികിൽസ തേടിയ ആശുപത്രികളും കഴിഞ്ഞ ദിവസം സന്ദർശിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ സംഘം വിശദമായ റിപ്പോർട്ട് തയ്യാറാക്കും. മെഡിക്കൽ കോളേജിൽ വെൻ്റിലേറ്ററിൽ

ചികിത്സയിൽ തുടരുന്ന രോഗിയെ ചികിത്സിക്കുന്ന ഡോക്ടർമാരുമായി സംഘം ചർച്ച നടത്തി.

**കണ്ണൂർ-ഷിഗെല്ല(ഇൻട്രോ)**

സംസ്ഥാനത്ത് ഷിഗെല്ല - നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. കണ്ണൂർ ജില്ലയിൽ ഷിഗല്ല രോഗ ബാധ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നടപടികൾ കർശനമാക്കി. ഈ വർഷം ആറുപേർക്ക് ഷിഗല്ല രോഗം ബാധിച്ചിട്ടുണ്ട്. ഡെങ്കിപ്പനി ബാധിതരുടെ എണ്ണവും ജില്ലയിൽ വർധിക്കുകയാണ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..........***

***(വോയിസ്)***

**ഷിഗല്ല-വയനാട് സ്കൂൾ**

വയനാട് നെന്മേനി ഗ്രാമപഞ്ചായത്തിൽ ഷിഗല്ല രോഗബാധ സ്ഥിരീകരിച്ച കോളിയാടി മാർ ബസേലിയോസ് എ.യു.പി സ്കൂളിൽ അവധി ഈ മാസം 21 വരെ തുടരുമെന്ന് ജില്ലാ കലക്ടർ ഉത്തരവിട്ടു . മറ്റു സ്കൂളുകൾ ഇന്ന് മുതൽ തുറന്നു പ്രവർത്തിക്കും. എല്ലാ വിദ്യാഭ്യാസ

RNU TVPM

സ്ഥാപനങ്ങളും നിർദ്ദേശങ്ങൾ പാലിച്ചാണ് തുറന്നു പ്രവർത്തിക്കുന്നതെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പാക്കണമെന്നും ജില്ലാ കലക്ടർ അറിയിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

**വയനാട്-പനി മരണം**

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ തുടരുകയാണ്. തൃശൂർ കൊടുങ്ങല്ലൂരിൽ പനി ബാധിച്ച് ചികിത്സയിലായിരുന്ന കെ.എസ്.ഇ.ബി ജീവനക്കാരൻ മരിച്ചു. പാലക്കാട് ഡെങ്കിപ്പനി ബാധിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട്ടിൽ കടുത്ത പനിയും ഛർദിയും ബാധിച്ച് ആദിവാസി യുവതി മരിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**എബോള രോഗം**

സൗത്ത് സുഡാനിൽ നിന്നെത്തിയ 54-കാരി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക നിരീക്ഷണത്തിൽ. ആഫ്രിക്കൻ രാജ്യങ്ങളിൽ എബോള രോഗം പടർന്നുപിടിക്കുന്ന പശ്ചാത്തലത്തിൽ, ആരോഗ്യവകുപ്പിന്റെ കർശന പ്രോട്ടോകോൾ പാലിച്ചാണ് ഇവരെ ഐസൊലേഷനിലാക്കിയത്. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും, സാമ്പിളുകൾ വിദഗ്ധ പരിശോധനയ്ക്കായി അയച്ചിട്ടുണ്ടെന്ന് കോട്ടയം

മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ടി.ജി. തോമസ് ജേക്കബ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## പിഎം-റോസ്ഗാർ യോജന

പിഎം വികസിത് ഭാരത് റോസ്ഗർ യോജന പ്രകാരം 2,400 കോടിയോളം രൂപയുടെ ഇൻസെന്റീവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിന് ആരംഭിച്ച പദ്ധതിക്കായി 99,446 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും ഇതോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ നടക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പി.എം.വി.ബി.ആർ.വൈ

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ കോട്ടയം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നാളെ സംഘടിപ്പിക്കുന്ന പി.എം.വി.ബി.ആർ.വൈ പരിപാടിയിൽ പദ്ധതിക്ക് കീഴിലുള്ള ഗുണഭോക്താക്കളായ തൊഴിലുടമകളെയും തൊഴിലാളികളെയും ആദരിക്കും.

കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ, കേന്ദ്ര തൊഴിൽ സഹമന്ത്രി ശോഭ കരന്തലജെ എന്നിവർ ചടങ്ങിൽ വെർച്വലായി സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**സംസ്ഥാന ബജറ്റ് (ഇൻട്രോ)**

മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് നാളെ. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് ആണ് അവതരിപ്പിക്കുന്നത്.

***വിശദാംശങ്ങളിലേക്ക്.........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

RIJU TVPM

**സംസ്ഥാന ബജറ്റ് (വോയിസ്)**

ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി വി ഡി സതീശൻ, ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കും. ഈ മാസം 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കും. ജൂലൈ ഒന്നിന് ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കും. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയും വികസന ലക്ഷ്യങ്ങളും തമ്മിൽ സന്തുലിതമാക്കിക്കൊണ്ടുള്ള ബജറ്റ് ആയിരിക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ക്ഷേമ പെൻഷൻ വർദ്ധനവ്

ഉൾപ്പെടെ തിരഞ്ഞെടുപ്പിലെ വാഗ്ദാനങ്ങളും ഗ്യാരണ്ടികളും ബജറ്റിൽ ഇടംപിടിക്കുമോ എന്നാണ് കേരളം ഉറ്റുനോക്കുന്നത്.

ന്യൂസ്ഡസ്ക് ആകാശവാണി.....

**പി എം ശ്രീ**

പി എം ശ്രീ ദേശീയ നയമാണെന്നും അത് മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കിയെന്നും കുട്ടികൾക്ക് ഉപകാരപ്രദമാണെന്നും കേന്ദ്ര മന്ത്രി സുരേഷ് ഗോപി. പി എം ശ്രീ വിഷയത്തിൽ രാഷ്ട്രീയ തർക്കങ്ങൾ ഉണ്ടെങ്കിൽ എൽഡിഎഫും യുഡിഎഫും തീർക്കട്ടെ എന്നും കേന്ദ്രസഹ മന്ത്രി തൃശ്ശൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNU TVPM

**മഴ-കേരളം**

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

**പഴശ്ശി-ഷട്ടർ**

കണ്ണൂർ പഴശ്ശി ജലസംഭരണിയിലെ ജലവിതാനം ക്രമീകരിക്കുന്നതിനായി കഴിഞ്ഞ ദിവസങ്ങളിൽ തുറന്നിരുന്ന ആറ് ഷട്ടറുകൾ പൂർണ്ണമായും അടച്ചു.നീരൊഴുക്ക് കുറഞ്ഞതോടെയാണ് ഷട്ടറുകൾ അടച്ചത്. കാലവർഷം ശക്തിപ്രാപിക്കാത്തതിനാൽ സംഭരണിയിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്

❁❁❁❁❁❁❁❁❁❁❁❁❁

**ഫിഫ**

ലോകകപ്പ് ഫുട്ബാളിൽ ഇന്ന് രാത്രി ഇന്ത്യൻ സമയം 9.30 ന് നടക്കുന്ന ഗ്രൂപ് എ പോരാട്ടത്തിൽ ചെക് റിപ്പബ്ലിക് , ദക്ഷിണാഫ്രിക്കയെ നേരിടും. രാത്രി 12.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ സ്വിറ്റ്സെർലാന്റ് , ബോസ്നിയ - ഹെർസെഗോവിനയെ നേരിടും. ഇന്ന് പുലർച്ചെ നടന്ന കളിയിൽ ക്രൊയേഷ്യക്കെതിരെ ഇംഗ്ലണ്ട് 2 നെതിരെ 4 ഗോളുകൾക്ക് വിജയിച്ചു

❁❁❁❁❁❁❁❁❁❁❁❁❁

**പി.ഐ.ബി**

പ്രസ് ഇൻഫർമേഷൻ ബ്യൂറോയും മഞ്ചേരി പ്രസ് ക്ലബ്ബും ചേർന്ന് സംഘടിപ്പിക്കുന്ന ഏകദിനമാധ്യമ ശിൽപശാല 'വാർത്താ ലാപ് ' മഞ്ചേരിയിൽ പുരോഗമിക്കുന്നു. മലപ്പുറം ജില്ലാ കലക്ടർ വിനയ് ഗോയൽ ശിൽപശാല ഉദ്ഘാടനം

RNU TVPM

ചെയ്യു. പി.ഐ.ബി തിരുവനന്തപുരം റീജിയണൽ അഡീഷണൽ ഡയറക്ടർ ജനറൽ വി.പളനിചാമി അധ്യക്ഷത വഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പത്മ അവാർഡ്**

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**യോഗ**

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ ഈ മാസം 21 ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സെൻസസ്

¬സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന 15 ദിവസത്തെ സെൽഫ് എന്യൂമനേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## ഇഡി റെയ്ഡ്

അവയവക്കച്ചവടവുമായി ബന്ധപ്പെട്ട് കൊല്ലത്ത് ഇടനിലക്കാരുടെ വീട്ടിൽ ഇ. ഡി. പരിശോധന നടത്തുന്നു. പുളിയത്തുമുക്ക് സ്വദേശി ശ്രീജയുടെ വീട്ടിലും, കൊല്ലം സ്വദേശി സുധീറിന്റെ വീട്ടിലുമാണ് പരിശോധന. ഇവരെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ബിന്ദു കൃഷ്ണ

പത്തനംതിട്ടയിലെ വൃദ്ധസദനത്തിൽ ജോലിക്ക് നിന്ന കുട്ടിക്ക് ക്രൂരമർദ്ദനം ഏറ്റെന്ന മാധ്യമ വാർത്തയെ തുടർന്ന് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ സ്ഥാപനത്തിൽ പരിശോധന നടത്തി. പരിശോധനയിൽ 17 വയസ്സുള്ള കുട്ടിയെ വൃദ്ധ സദനത്തിൽ ബാലവേല ചെയ്യിപ്പിച്ചതായി

കണ്ടെത്തി.ക്രൂരമർദ്ദനം ഏറ്റെന്ന പരാതിയിൽ വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ മന്ത്രി ബിന്ദു കൃഷ്ണ ചുമതലപ്പെടുത്തി.

RNU TVPM